# പതിമൂന്നാം കേരള നിയമസഭ
# പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ : *182 — 17.02.2016-ൽ മറുപടിക്ക്

## സഹകരണ സംഘങ്ങളിലെ കുടിശ്ശികയും നിഷ്ക്രിയ ആസ്തിയും

| ചോദ്യം | മറുപടി |
|---|---|
| ഡോ. ടി.എം.തോമസ് ഐസക്<br>ശ്രീ.കോടിയേരി ബാലകൃഷ്ണൻ<br>ശ്രീ.കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)<br>ശ്രീ.എ. പ്രദീപ്കുമാർ: | ശ്രീ. സി.എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി) |
| (എ) വായ്പാ സഹകരണ സംഘങ്ങളിലെ കുടിശ്ശികയും നിഷ്ക്രിയ ആസ്തിയും വർദ്ധിച്ചു വരുന്നതിന്റെ കാരണങ്ങൾ പരിശോധിച്ചിട്ടുണ്ടോ; വെളിപ്പെടുത്താമോ; | (എ) പരിശോധിച്ചിട്ടുണ്ട്. കാർഷിക വിളകളുടെ വിലത്തകർച്ച മൂലം യഥാസമയം കാർഷിക വായ്പകൾ തിരിച്ചടയ്ക്കുന്നതിന് വായ്പക്കാർ വീഴ്ച വരുത്തുന്നതും വയനാട് പോലെയുള്ള ജില്ലകളിൽ കാലാവസ്ഥ വ്യതിയാനം മൂലം കാർഷിക മേഖല കൂടുതൽ പ്രതിസന്ധിയിലായതുമൂലവും വർദ്ധിച്ചു വരുന്ന ജീവിതച്ചെലവിന് ആനുപാതികമായി വരുമാന വർദ്ധനവ് ഉണ്ടാകാത്തത് വ്യക്തിഗതവായ്പകളുടെ തിരിച്ചടവിനെ സാരമായി ബാധിച്ചിട്ടുണ്ട്. അംഗങ്ങളുടെ വായ്പാതിരിച്ചടവ് ശേഷി പരിഗണിക്കാതെ വായ്പ അനുവദിക്കുന്നത് മൂലവും വായ്പാ തിരിച്ചടവിൽ വീഴ്ച വരുന്നതുമൂലവും യഥാസമയം വായ്പാ തിരിച്ചടവ് കാര്യക്ഷമമായി നടപ്പിലാക്കുന്നതിൽ സംഘം ഭരണസമിതികൾ ശ്രദ്ധ പുലർത്താതിരിക്കുന്നതുമൂലവും, ആർബിട്രേഷൻ എക്സിക്യൂഷൻ നടപടികൾ സ്വീകരിക്കുന്നതിൽ കാലതാമസം വരുന്നതുമൂലവും സംഘങ്ങളുടെ വായ്പാകുടിശ്ശികയിൽ വർദ്ധനവ് വരുന്നുണ്ട്. ജില്ലാ ബാങ്കുകളെ സംബന്ധിച്ച് |

| | | | |
|---|---|---|---|
| | | | അംഗസംഘങ്ങളിലെ ഭരണമികവില്ലായ്മയും വായ്പാ തിരിച്ചടവിലെ അനാസ്ഥയും നിഷ്ക്രിയ ആസ്തികളുടെയും കുടിശ്ശികയുടെയും വർദ്ധനവിന് കാരണമാകുന്നു. |
| (ബി) | കുടിശ്ശിക നിവാരണത്തിനും, നിഷ്ക്രിയ ആസ്തി കുറയ്ക്കുന്നതിനും സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (ബി) | കേരള സർക്കാർ കാലാകാലങ്ങളിൽ പ്രഖ്യാപിച്ചിട്ടുള്ള 'ആശ്വാസ്' പദ്ധതികളിൽ ഉൾപ്പെടുത്തിയും വായ്പാകുടിശ്ശികനിവാരണ അദാലത്തുകൾ സംഘടിപ്പിച്ചും നിയമാനുസൃതം ലഭ്യമാക്കാവുന്ന പരമാവധി ഇളവുകൾ നൽകി വായ്പാതിരിച്ചടവിനെ പ്രോത്സാഹിപ്പിക്കുന്നതിലൂടെ നിഷ്ക്രിയ ആസ്തികളും കുടിശ്ശികയും കുറയ്ക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ സമയബന്ധിതമായി ആർബിട്രേഷൻ എക്സിക്യൂഷൻ നടപടികൾ സ്വീകരിച്ച് വായ്പാ കുടിശ്ശിക പിരിച്ചെടുക്കുന്നതിലൂടെ നിഷ്ക്രിയ ആസ്തി കുറയ്ക്കുന്നതിനും കുടിശ്ശിക കുറയ്ക്കുന്നതിനും കഴിയുന്നുണ്ട്. |
| (സി) | ത്രിതല വായ്പാ മേഖലയിലെ നിലവിലുള്ള നിഷ്ക്രിയ ആസ്തിയും കുടിശ്ശികയും സംബന്ധിച്ച സ്ഥിതി വിവര കണക്കുകൾ ലഭ്യമാണോ; എങ്കിൽ വിശദമാക്കാമോ? | (സി) | ലഭ്യമാണ്. സംസ്ഥാന സഹകരണ ബാങ്കിന് 31.03.2015 ലെ കണക്കുപ്രകാരം 557.78 കോടി രൂപയും, ജില്ലാ സഹകരണ ബാങ്കുകൾക്ക് 1957.33 കോടി രൂപയും നിഷ്ക്രിയ ആസ്തിയായുണ്ട്. കൂടാതെ പ്രാഥമിക വായ്പാ സംഘങ്ങൾ/ ബാങ്കുകൾക്ക് 21543.36 കോടി രൂപയും കുടിശ്ശികയുണ്ട്. |

**സെക്ഷൻ ഓഫീസർ**